**പതിമൂന്നാം കേരള നിയമസഭ**
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3101

13.10.2011 - ൽ മറുപടിയ്ക്ക്

**എ.ആർ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവേശന തീയതി**

| ചോദ്യം<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കൊച്ചി സിറ്റി പോലീസിന്റെ കീഴിൽ വരുന്ന എ.ആർ പോലീസ് ഉദ്യോഗസ്ഥരിൽ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 12.03.2003 ൽ സർവ്വീസിൽ പ്രവേശിച്ചതുമായ എത്ര ജീവനക്കാർ ഉണ്ട്; അവരുടെ പേരുവിവരം ലഭ്യമാക്കുമോ; | (എ) | കൊച്ചി സിറ്റി പോലീസ് തയ്യാറാക്കിയ എ.ആർ പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ 12.03.2003 ൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ ഇല്ല |
| (ബി) പ്രസ്തുത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും 12.03.2003-ൽ സർവ്വീസിൽ പ്രവേശിച്ചതുമായ ജീവനക്കാരുടെ പേരു വിവരം ലഭ്യമാക്കുമോ; | (ബി) | സേവന പുസ്തകരേഖകൾ പ്രകാരം കൊച്ചി സിറ്റി പോലീസിന്റെ കീഴിൽ വരുന്ന എ.ആർ പോലീസ് ഉദ്യോഗസ്ഥരിൽ 12.03.2003 ൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ ആരും തന്നെ ഇല്ല. |
| (സി) ഇപ്രകാരം സർവ്വീസിൽ പ്രവേശിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പ്രവേശന തീയതി സർവ്വീസ് ബുക്കിൽ വ്യത്യസ്തമായി രേഖപ്പെടുത്താൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | (സി) & | ബാധകമല്ല |
| (ഡി) ആയത് സർവ്വീസിൽ പ്രവേശിച്ച തീയതി ആക്കി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ